**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4752** **19-03-2025 - ൽ മറുപടിയ്ക്ക്**

**വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാംസർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നത് സംബന്ധിച്ച് കുഫോസ് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | വേമ്പനാട് കായലിലെ ആവാസവ്യവസ്ഥ പുനസ്ഥാപിക്കാനുള്ള മുൻഗണനാ തലത്തിലുള്ള പ്രവർത്തന പദ്ധതിയാണ് കുഫോസ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ പ്രളയ ജലം പുറംതള്ളുന്നതിന്റെ ശേഷി മെച്ചപ്പെടുത്തൽ, വേമ്പനാടിന്റെ ജല സംഭരണ ശേഷി മെച്ചപ്പെടുത്തൽ, നദികളുടെയും തോടുകളുടെയും ഒഴുക്കിന്റെ ശക്തിമെച്ചപ്പെടുത്തൽ, ജലത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തൽ, വിഭവ ലഭ്യത വർദ്ധിപ്പിക്കൽ ,കായൽ പരിപാലനത്തിനുള്ള പദ്ധതികൾ എന്നിവ സംബന്ധിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കുഫോസ് സമർപ്പിച്ച റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കുന്നതോട് കൂടി തണ്ണീർമുക്കം സ്പിൽവെയുടെ പുറന്തള്ളൽ ശേഷി മെച്ചപ്പെടുകയും കായംകുളത്തിനും അന്ധകാരനഴിക്കും ഇടയിലുള്ള തീരപ്രദേശത്തെ വെള്ളപ്പൊക്കവും പ്രളയവും പരിഹരിക്കുകയും ചെല്ലാനം പ്രദേശത്ത് ഉണ്ടാകുന്ന മിന്നൽ പ്രളയം ഗണ്യമായി കുറയുകയും നെൽകൃഷിയിൽ നിന്നും ഉയർന്ന ലാഭവും കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കുകയും കുട്ടനാട്ടിലെ കായൽ നിലങ്ങളുടെ അരിക്കൽ ശേഷി വീണ്ടെടുക്കുകയും വേമ്പനാട്ടു കായലിന്റെ ആഴം ചുരുങ്ങിപ്പോകുന്നതിനെ തടുക്കാനും വേനൽക്കാലത്ത് കിണറുകൾ വറ്റുന്നത് തടയാനും ഒഴുക്കിന്റെ ശക്തി മെച്ചപ്പെടുമ്പോൾ വെള്ളത്തിലെ കളകൾ കുറയുകയും വെള്ളക്കെട്ടിനു പരിഹാരമാകുകയും ജലത്തിന്റെ ഗുണമേന്മ മെച്ചപ്പെടുകയും മാലിന്യങ്ങൾ കായലിൽ നിന്നും വേഗം നിർമാർജനം ചെയ്യപ്പെടുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു വിവിധ വകുപ്പുകളുടെ ഏകോപനവും ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആയതിലെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള തിക്തഫലങ്ങൾ മുൻപെങ്ങും ഇല്ലാത്തവിധം രൂക്ഷമായിട്ടുള്ളതിനാൽ വേമ്പനാട്ട് കായലിന്റെയും വേമ്പനാട്ട് കായലിന്റെ കൈവഴി പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇത് സംബന്ധിച്ച് സമർപ്പിച്ച കുഫോസിന്റേതുൾപ്പെടെയുള്ള പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | വേമ്പനാട്ട് കായലിന്റെയും വേമ്പനാട്ട് കായലിന്റെ കൈവഴി പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇത് സംബന്ധിച്ച് സമർപ്പിച്ച കുഫോസിന്റേതുൾപ്പെടെയുള്ള പഠന റിപ്പോർട്ടുകൾ പരിശോധിച്ച് വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനായി ഇതര വകുപ്പുകളുടെ ഇടപെടൽ കൂടി ഉറപ്പ് വരുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വേമ്പനാട്ട് കായലും ഇതിനോട് ചേർന്ന് കിടക്കുന്ന ചെമ്മീൻ കെട്ടുകൾ നടത്തുന്ന കൃഷിയിടങ്ങളും വേണ്ട രീതിയിൽ സംരക്ഷിക്കാത്തതിനാലും സജ്ജീകരണങ്ങൾ ഏർപ്പെടുത്താത്തതിനാലും വൈപ്പിൻ, പശ്ചിമ കൊച്ചി, കൊച്ചി മേഖലകളിലെ ജനവാസകേന്ദ്രങ്ങളിൽ മുൻപെങ്ങുമില്ലാത്തവിധം ഓരുവെള്ളം കയറുന്നതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും നാശനഷ്ടങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരം കാണാൻ തുക വകയിരുത്തിയിട്ടുണ്ടോ; | (സി) | വിവിധ വകുപ്പുകളുടെ ഏകോപനവും ഇടപെടലും ഇക്കാര്യത്തിൽ ഉറപ്പാക്കും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | വിവിധ വകുപ്പുകളുടെ ഏകോപനവും ഇടപെടലും ഇക്കാര്യത്തിൽ ഉറപ്പാക്കും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ